**കോവിഡ് 19 ന്റെ സാഹചര്യത്തിൽ ത്രിവത്സര എഞ്ചിനിയറിംഗ് ഡിപ്ലോമ**
**<u>പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾ പാലിക്കേണ്ട മുൻകരുതലുകൾ</u>**

- കോവിഡ് - 19 ന്റെ സാഹചര്യത്തിൽ സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പോളിടെക്നിക് കോളജ് പ്രവേശന കവാടത്തിൽ ഒരുക്കിയ സാനിറ്റൈസർ സംവിധാനം ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കിയതിനുശേഷമേ പരീക്ഷാ സെന്ററിൽ പ്രവേശിക്കാവു.
- വിദ്യാർത്ഥികൾ ഓരോരുത്തരും അവരവരുടെ സുരക്ഷ പ്രത്യേകം ശ്രദ്ധിക്കണം
- മുഖാവരണം ധരിച്ചുമാത്രമേ പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കുവാൻ പാടുള്ളു.
- പരീക്ഷ സെന്ററുകളിൽ ശാരീരിക അകലം പാലിക്കണം
- കൂട്ടംകൂടി നിൽക്കുന്നതും ഹസ്തദാനം നടത്തുന്നതും ഒഴിവാക്കണം.
- പരീക്ഷാ സെന്ററുകളിൽ എത്തുന്ന വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ചിരിക്കുന്ന സീറ്റിൽ തന്നെ ഇരിക്കേണ്ടതാണ്.
- പരീക്ഷ എഴുതുന്നതിനാവശ്യമായ സാമഗ്രികൾ പരസ്പരം കൈമാറാതിരിക്കുക.
- പരീക്ഷ എഴുതാൻ വരുമ്പോഴും തിരികെ പോകുമ്പോഴും പ്രത്യേകം കൂടിച്ചേരലുകൾ പൂർണ്ണമായും ഒഴുവാക്കേണ്ടതാണ്.
- പരീക്ഷാ സെന്ററിലെ പ്രിൻസിപ്പാളിന്റെയും ഇൻവിജിലേറ്റർമാരുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
- പരീക്ഷ എഴുതാൻ വരുന്ന വിദ്യാർത്ഥികൾക്ക് രോഗലക്ഷണങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ ചീഫ് സൂപ്രണ്ടിനെ മുൻകൂട്ടി അറിയിക്കുക.
- ജലദോഷം, പനി, ചുമ തുടങ്ങിയ രോഗങ്ങളുള്ള രക്ഷിതാക്കൾ പരീക്ഷാസെന്ററുകളിലേയ്ക്ക് വിദ്യാർത്ഥികളോടൊപ്പം യാതൊരു കാരണവശാലും അനുഗമിക്കരുത്.
- മാസ്ക്ക്, വസ്ത്രങ്ങൾ, തുണിത്തരങ്ങൾ എന്നിവ ബ്ലീച്ചിംഗ് ലായനി ഉപയോഗിച്ച് വൃത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തണം
- കണ്ണിലോ മൂക്കിലോ വായിലോ കഴുകാത്ത കൈകൊണ്ട് തൊടരുത്
- പലയാവർത്തി കൈകൾ സോപ്പ് ഉപയോഗിച്ച് വൃത്തിയായി കഴുകുന്നത് ശീലമാക്കുക.
- ചുമയ്ക്കുകയോ തുമ്മുകയോ ചെയ്യുമ്പോൾ മൂക്കും വായും തൂവാലകൊണ്ടോ, ടിഷ്യൂ പേപ്പർ കൊണ്ടോ മറച്ചു പിടിക്കുക.
- ചുമയ്ക്കുമ്പോഴും തുമ്മുമ്പോഴും മറ്റൊരാളുടേയോ മറ്റു വസ്തുക്കളുടെയോ നേർക്ക് ആവരുത്.
- കടലാസുകൾ, ഉപയോഗിച്ച ടിഷ്യൂപേപ്പറുകൾ എന്നിവ അലക്ഷ്യമായി വലിച്ചെറിയരുത്. അതിനായുള്ള സംവിധാനങ്ങളിൽ മാത്രം നിക്ഷേപിക്കുക.
- ശാരീരിക അകലം പാലിക്കുക

**കൈവിടാതിരിക്കാം. കൈ കഴുകൂ**
**ഭയമല്ല ജാഗ്രതയാണ് ആവശ്യം**

**ജോയിന്റ്കൺട്രോളർ**
**സാങ്കേതിക പരീക്ഷാ വിഭാഗം**

(പത്രകുറിപ്പ് )

## എഞ്ചിനീയറിംഗ് ഡിപ്ലോമാ പരീക്ഷ ജൂണ് 8 മുതൽ:

## ലക്ഷദ്വീപിലും പരീക്ഷാ കേന്ദ്രം.

സാങ്കേതിക പരീക്ഷാ കണ്ട്രോളർ നടത്തുന്ന എഞ്ചിനീയറിംഗ്/ടെക്നോളജി ത്രിവത്സര ഡിപ്ലോമാ പരീക്ഷകൾ (ഒന്നാം ഘട്ടം) ജൂൺ 8 മുതൽ സംസ്ഥാനത്തിലെ വിവിധ പോളിടെക്നിക്കുകളിൽ ആരംഭിക്കും.ഒന്നാം ഘട്ടത്തിൽ ആറാം സെമസ്റ്റർ (റെഗുലർ/സപ്ലിമെന്ററി) പരീക്ഷയും 1 മുതൽ 5 വരെയുള്ള സെമസ്റ്ററുകളുടെ സപ്ലിമെന്ററി പരീക്ഷകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ വിവിധ പോളിടെക്നിക് കോളേജുകളിൽ പഠിക്കുന്ന ലക്ഷദ്വീപ് നിവാസികളായ അൻപതോളം വിദ്യാർഥികൾക്കായി നിലവിലെ സാഹചര്യത്തിൽ ലക്ഷദ്വീപിൽ തന്നെ പരീക്ഷാ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

കൊവിഡ് 19 പശ്ചാത്തലത്തിൽ വിദൂര സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായി അവരവരുടെ താമസസ്ഥലത്തിനു അടുത്തുള്ള പോളിടെക്നിക് കോളേജുകളിലേക്ക് പരീക്ഷാ കേന്ദ്രം മാറ്റി അനുവദിച്ചിട്ടുണ്ട്.പരീക്ഷാർത്ഥികൾ അവരരുടെ ലോഗിനിൽ നിന്നും ഹാൾടിക്കറ്റ് ഡൌൺലോഡ് ചെയ്തു അംഗീകൃത കോളേജ്/സർക്കാർ തിരിച്ചറിയൽ രേഖയുമായി പരീക്ഷാ എഴുതാവുന്നതാണ്. കൊവിഡ് 19 ആരോഗ്യ മാർഗ നിർദേശം അനുസരിച്ച് നടത്തപ്പെടുന്ന പരീക്ഷയിൽ പരീക്ഷാർത്ഥികൾ നിർബന്ധമായും മുഖാവരണം ധരിക്കേണ്ടതാണ്.പരീക്ഷാ ഹാളിൽ പേന,മറ്റ് പരീക്ഷാ സംബന്ധിയായ ഉപകരങ്ങൾ യാതൊരു കാരണവശാലും കൈമാറ്റം ചെയ്യാൻ അനുവദിക്കുന്നതല്ല. പരീക്ഷാർത്ഥികൾ ബ്ലാക്ക് ബാൾപോയന്റ് പേന ഉപയോഗിച്ച് ഉത്തരക്കടലാസ്സിന്റെ ആമുഖ പേജ് (ഫേസിംഗ് ഷീറ്റ്) പൂരിപ്പിക്കേണ്ടതാണ്. ഉത്തരക്കടലാസ്സിന്റെ ഡാറ്റാ പാർട്ട് വേർപെടുത്തുന്നതിന് പരീക്ഷാർത്ഥികൾ സ്കെയിൽ കൊണ്ട് വരേണ്ടതാണ്. നിർദിഷ്ട സമയത്തിനു അര മണിക്കൂർ മുൻപ് പരീക്ഷാ ഹാളിൽ പ്രവേശിക്കേണ്ടതാണ് . പരീക്ഷയുടെ പൂർണ്ണ സമയം പരീക്ഷാ ഹാളിൽ ചിലവഴിച്ചതിനു ശേഷം മാത്രമേ ഉത്തരക്കടലാസും ഡാറ്റ പാർട്ടും തിരികെ നൽകി പുറത്ത് പോകാൻ പാടുള്ളൂ.. പരീക്ഷാ കേന്ദ്രങ്ങളിൽ കൂട്ടം കൂടുന്നത് അനുവദനീയമല്ല.

## പത്രക്കുറിപ്പ്

## എൻജിനിയറിംഗ് ഡിപ്ലോമ പരീക്ഷ സംബന്ധിച്ച്

സങ്കേതിക വിദ്യാഭ്യാസ പരീക്ഷാ കൺട്രോളർ നടത്തുന്ന ത്രിവൽസര എൻജിനിയറിംഗ് ഡിപ്ലോമ പരീക്ഷ ജൂൺ 8 ന് സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളിൽ ആരംഭിക്കും. റിവിഷൻ (2015) സ്കീമിൽ ഉൾപ്പെട്ട 6–ാം സെമസ്റ്റർ (റെഗുലർ/സപ്ലിമെന്ററി), 1 മുതൽ 5 വരെ സെമസ്റ്ററുകളിലെ സപ്ലിമെന്ററി പരീക്ഷകൾ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികൾക്ക് അവരുടെ വാസസ്ഥലത്തിന് സമീപമുള്ള പോളിടെക്നിക്ക് കോളേജിലേക്ക് പരികഷാ കേന്ദ്രം മാറ്റി നൽകിയിട്ടുണ്ട്. അർഹരായ പരീക്ഷാർത്ഥികൾക്ക് ഹാൾടിക്കറ്റ് അവരുടെ ലോഗിനിൽ നിന്നും ജൂൺ 4 മുതൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. കൊവിഡ് 19 പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിബന്ധനകൾക്ക് വിധേയമായായിരിക്കും പരീക്ഷകൾ നടത്തപ്പെടുന്നത്.

സങ്കേതികപരീക്ഷാ ജോയിന്റ് കൺട്രോളർ

DEPUTY CONTROLLER IN
FULL ADDITIONAL CHARGE OF
JOINT CONTROLLER OF
TECHNICAL EXAMINATIONS
KAIMANAM, TVPM-40

CONTROLLER OF TECHNICAL EXAMINATIONS * TRIVANDRUM *
Govt. Of Kerala
Dept. Of Techl
Edn.